# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2271 18/07/2016-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എ.പി. അനിൽ കുമാർ : | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
|---|---|---|---|
| എ) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | **ഉണ്ട്.** മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി കളുടെ മക്കൾക്ക് പ്രീമെട്രിക് പഠനം മുതൽ പ്രൊഫഷണൽ കോഴ്സ് വരെയുള്ള (സ്വാശ്രയ കോളേജുകൾ ഉൾപ്പെടെ) പഠനത്തിന് പട്ടികജാതി വികസന വകുപ്പിൽ നിന്ന് മറ്റർഹ വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് നൽകി വരുന്ന അതേ നിരക്കിലുള്ള ആനുകൂല്യങ്ങൾ ഫിഷറീസ് വകുപ്പിൽ നിന്നും നൽകി വരുന്നു. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നീ ആനുകൂല്യങ്ങൾക്ക് പുറമേ സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും, സ്ഥാപനം വക ഹോസ്റ്റലിലോ, അംഗീകൃത ഹോസ്റ്റലിലോ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസും മെസ്സ് അലവൻസ്, പോക്കറ്റ് മണി എന്നിവയും വിദ്യാഭ്യാസ സ്ഥാപനത്തോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്ന് നൽകി വരുന്ന അതേ നിരക്കിൽ ഹോസ്റ്റൽ ഫീസും നൽകി വരുന്നു.<br><br>ഫിഷറീസ് സ്ക്കൂളുകളിൽ താമസിച്ച് പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് മെസ്സ് ഇനത്തിലും പോക്കറ്റ് മണിയായും ആവശ്യമായി വരുന്ന തുക സർക്കാർ വഹിക്കുന്നു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിന് എഡ്യൂഫെസ്റ്റ്, 50 വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | പാലായിലെ ബ്രില്യന്റ് സ്റ്റഡി സെന്റർ മുഖേന സൗജന്യമായി മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനായും തുക സർക്കാർ ചെലവിടുന്നു. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദീകരിക്കാമോ; | ബി) | മത്സ്യത്തൊഴിലാളി സമൂഹത്തെ വിദ്യാഭ്യാസത്തിലൂടെ ഉന്നതിയിലെത്തിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. |
| സി) | ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടത്? | സി) | ഫിഷറീസ് വകുപ്പിന്റെ വിദ്യാഭ്യാസ പദ്ധതികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തുകയും ഫണ്ട് ജില്ലാ ഓഫീസർമാർക്ക് അനുവദിക്കുകയും പദ്ധതി അവലോകനം നടത്തുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**